# നെന്മാണിക്യം

(നോവൽ–8)

ജോൺ ഇളമത

അന്നൊരു പ്രധാന വാർത്തയുമായാണ് കത്രീ മീനുംകൊണ്ടുവന്നത്.

അവർ കുഞ്ഞന്ന അമ്മച്ചിയോടു പറഞ്ഞു:
തെയ്യാമ്മയുടെ കല്യാണം ഉറച്ചു!

കുഞ്ഞന്നയ്ക്ക് സമന്താഷമായി. ഏടാകൂടങ്ങളൊഴിഞ്ഞിരിക്കുന്നു.
കത്രി പറഞ്ഞു.

ചെറുക്കനൊന്നും വേണ്ടാന്നാ പറേന്നത് ന്നാലും, വെറുതേ അങ്ങോട്ടിറക്കിവിടാ മ്പറ്റ്വോ!



അവനു പെണ്ണിനെ അങ്ങിഷ്ടപ്പെട്ടു. വിഴഞ്ഞത്തൂന്ന് പൊറപ്പെട്ടു വന്നോനാ. കുരേം വള്ളോം ഇല്ലാത്തോനാ. എന്റെ മോൻ വസ്ത്യനവനെ കൂട്ടിനങ്ങെടുത്തു. നല്ല ചൊണ ഒള്ള ചെറുക്കനാ. ഇപ്പോ അവരു രണ്ടാളുംകൂടി കടലി പോയാ മീമ്പിടുത്തം. അവനെ കൂട്ടു കിട്ട്യേപിന്നാ, നല്ല മുള്ളള്ള മുഴുത്ത മീനേ കിട്ടാന്തൊടങ്ങ്യേ! ഏതാണ്ടായാലും പെണ്ണിന്റെ ഭാഗ്യേ.

എടീ, ചെറുക്കനു കൊടുക്കാൻ പൊന്നും പണോം ഞാൻ തരാം. ഇനി വച്ചു നീട്ടണ്ട. കുഞ്ഞന്നയ്ക്ക് ആശ്വാസമായി.

കത്രി പിന്നെയും പറഞ്ഞുകൊണ്ടിരുന്നു. ചെറുക്കന് പതിനാറു വയസ്സുകാണും. മീശേം താടി മൊളയ്ക്കുന്നേ ഒള്ളൂ. നല്ല തൊഴച്ചിക്കാരൻ. പൊറംകടലി മീം പിടിച്ച് നല്ല പരിചേം ഒള്ളോൻ.
വാസ്ത്യൻ ആറും കായലുമുപേക്ഷിച്ച് കടലിലേക്കിറങ്ങി. പിന്നെ കൊയ്ത്തായിരുന്നു. വള്ളം കരേലടുക്കാത്ത താമസം പറഞ്ഞ വെലക്കു മത്സ്യം പെണ്ണുങ്ങളു വാങ്ങും. അതു കൊട്ടേലോ, വട്ടീലോ ആക്കി തലച്ചുമടെ ഓട്ടത്തോടോട്ടം.

കാട്ടുപൂവിന്റെ ചന്തമുള്ള ഒരു മുക്കുവപ്പെണ്ണിന്റെ മേലാകെ വിയർപ്പും മീൻ വെള്ളവുമൊഴുകി. അവളുടെ ചുണ്ടിലും ചുമലിലും വടിവൊത്ത മാറിലെ ഏത്താപ്പിലുംകൂടി. അതു കണ്ട് ആഗസ്തി വെള്ളമിറക്കി.

ആരാണിവൾ! അവളെ കെട്ടാനവനാഗ്രഹിച്ചു. എങ്ങനെ നടക്കാനാ? പുറപ്പെട്ടുവന്നവന് ആറു പെണ്ണുകൊടുക്കും.

അവളെ അവൻ നിത്യവും കണ്ടു. രാത്രികളിൽ സ്വപ്നം കണ്ടു. അവളുടെ കണം കാലുകൾ വളക്കുറിൽ വളർന്ന ചേമ്പിൻതണ്ടുമാതിരിയായിരുന്നു. കറുത്ത വരച്ചുവെച്ച മുഖം, വിടർന്ന കരിമിഴികൾ. മേലാള വർഗ്ഗത്തിൽപ്പോലും ഇത്ര സുന്ദരിയെ

അവൻ കണ്ടിട്ടില്ല. ഒതുങ്ങിയ ശരീരം ഇരുപ്പിനും നടപ്പിനും അവളുടെ ചിരിക്കും പ്രത്യേകം ചന്തമായിരുന്നു.

ഒരിക്കൽ രണ്ടും കല്പിച്ച് അവൻ വസ്ത്യനോടു ചോദിച്ചു:

ഈ പെണ്ണേതാ?
നിനക്കിട്ടപ്പെട്ടോ?

ഉം, അവൻ മൂളി. അവന്റെ കണ്ണുകൾ വിടരുന്നത് വസ്ത്യൻ കണ്ടു. എല്ലാം ഒത്തു വന്നതുപോലെ വസ്ത്യനു തോന്നി.
എന്റെ പെങ്ങളാ.

പെങ്ങളോ? ആഗസ്തി വാ പൊളിഞ്ഞു, അബദ്ധം പറഞ്ഞമട്ടിൽ.
ഈ അടുത്തകാലത്ത് തെയ്യാ പെട്ടെന്നു വളർന്നെന്ന് വസ്ത്യനു തോന്നിയിരുന്നു. പതിനഞ്ചു വയസ്സിനെ കവച്ചുള്ള വളർച്ച. ആരും കണ്ടാൽ ഒരു നിമിഷം നോക്കി നിന്നുപോകും.

വസ്ത്യനൊന്നു മൂളി.

നിനക്കിട്ടമാണോങ്കി നടത്തിത്തരാം. നിനക്കെന്നാ പണം വേണം. കാശും പണ്ടവുമായി?

എനിക്കൊന്നും വേണ്ട. അവളെ മാത്രം തന്നാമതി.
അതു പോരാ, ഒള്ളതു തരാം. എന്താ?

അവൻ വായ്പൊളിച്ചു നിന്നു. ഒരത്ഭൂതം കേട്ട മാതിരി.

വസ്ത്യൻ ചിന്തിച്ചു.

ചുവന്ന വലിയ കല്ലുവെച്ച രണ്ടു കമ്മല്. ഒരു മിന്ന്. അത് കറുത്ത ചരടിൽ കോർത്തുകെട്ടാം. കൈകളിൽ രണ്ടിലും നിറയെ കുപ്പിവളകൾ, പണമുണ്ടായിരുന്നെങ്കിൽ എങ്ങനെയും അവളുടെ കഴുത്തിൽ സ്വർണ്ണത്തിന്റെ ഒരു നുലുമാലയെങ്കിലും ഇട്ടുകൊടുക്കാമായിരുന്നു. അപ്പോഴാണ് തട്ടാൻ ദാമോദരനെ ഓർത്തത്. കടമായി ദാമോദരൻ ഒന്നു പണിതു തന്നിരുന്നെങ്കില്.അവന് ചില്ലറ കച്ചോമൊക്കേണ്ട്. പൊന്നുപണിയാൻ കൊടുക്കുന്നോരടെ പൊന്ന് നഖത്തിനുള്ളിലൊക്കെ കേറ്റി അല്പം സൊല്പം മോട്ടിക്കും.അത് ഒരു ചെറിയ മാലയ്ക്കെത്തുമ്പം ഉരുക്കിപ്പണിതു വില്ക്കും് അത്തരമൊന്ന് അവൻ കടം തന്നിരുന്നെങ്കില് പണി എടുത്ത് വീട്ടാമായിരുന്നു.

ഉടുക്കാൻ കറുത്ത ചുട്ടിക്കരയുള്ള നല്ലൊരു മുണ്ട്. പിന്നെ നീണ്ടകര ഒള്ള അമ്മാവിയോട് പറഞ്ഞാ അപ്പലേ വരുന്ന ഒരു പട്ടുകഷണം കിട്ടു. ഏത്താപ്പ് കെട്ടാൻ. അമ്മാവിയാണ് മുമ്പ് അവക്കൊരു പട്ടുകഷണോം കൊണ്ടുകൊടുത്തത്.

പിന്നെ പണമായി പതിനഞ്ചു വെള്ളിരൂപാ കൊടുത്താ കൊള്ളാം. കിടക്കാനൊരു കട്ടില്. പൂവരശ് ആയാലും മതി. എല്ലാംകൂടി കണക്കു കൂട്ടിയപ്പോൾ വസ്ത്യന്

ആകെ ഒരു തലച്ചുറ്റൽ. എവിടെനിന്നൊണ്ടാകും ഇത്രയൊക്കെ? ഇത്രേമെങ്കിലു മൊക്കെ കൊടുക്കാതെ എങ്ങനാ എറക്കിവിടുക.

അന്നു വൈകിട്ട് വസ്ത്യൻ ഇതേപ്പറ്റിയൊക്കെ അമ്മ കത്രിയോടു സംസാരിച്ചു. തെയ്യായിക്ക് ഒരാലോചന വന്നിരിക്കുന്നു.
എങ്ങാട്ടായി?
വന്നുകേറിയ ചെറുക്കൻതന്നെ ആഗസ്തി! എന്റെ കൂട്ടുതൊഴക്കാരൻ. അവനാ ഇങ്ങോട്ട് ചോദിച്ചുവന്നത്. ഒന്നും കൊടുക്കണ്ട? ന്നാലും പെണ്ണിനെ അങ്ങിനിറക്കി വിടാൻ പറ്റ്വോ?

നീ അതങ്ങൊറപ്പിച്ചേ, തറപ്പിച്ചങ്ങു വാക്കു പറഞ്ഞോ. തറവാട്ടിലെ കുഞ്ഞന്ന അമ്മച്ചി എന്തേലും ഒത്താശ ചെയ്യാതിരിക്കത്തില്ല.
തെയ്യായുടെ കലയാണം പെട്ടെന്നായിരുന്നു. മനഃസമ്മതം കഴിഞ്ഞു രണ്ടു വിളിച്ചു ചൊല്ലി പള്ളിയിൽ കല്യാണം നടന്നു. ചെറുക്കൻ കൂട്ടരെന്നു പറയാൻ ആരുമു ണ്ടായിരുന്നില്ല.

തെയ്യായുടെ കൂരയ്ക്കു മുമ്പിൽ മുളങ്കാൽ നാട്ടി, മെടഞ്ഞ ഓലകെട്ടി പന്തലിട്ടു. ബന്ധുക്കളും കൂട്ടാളുകളുമായി കുറേപേർക്ക് ചെറിയ തോതിൽ സദ്യകൊടുത്തു. ആഗസ്തി തൃപ്തനായി, എങ്ങുനിന്നോ വന്ന തനിക്ക്, അടിതൂണും കൂരയും കിട്ടി യതിൽ.

തെയ്യായുടെ കൂരയുടെ ഒരു കോണിൽ പമ്പുകൊണ്ടു കെട്ടിമറച്ച്, വസ്ത്യൻ അ വർക്ക് ഒരു മണിയറ ഉണ്ടാക്കികൊടുത്തു.

അതിൽ പൂവരശിന്റെ ഒരു കയറ്റുകട്ടിൽ ഇട്ട് തഴപ്പായ വിരിച്ച്, ആഗസ്തി കിടന്നു. താളെ നിലത്ത് തെയ്യായും.

അന്നു തെയ്യായുടെ മനസ്സിൽ ഓർക്കാമ്പാടില്ലാത്ത കാര്യങ്ങൾ കയറി അവളെ ശ ല്യംചെയ്തു. ചുമ്മാരച്ചൻ ഉമ്മവെച്ചതും, കോരിയെടുത്ത് വള്ളപ്പുരയിൽ കൊണ്ടു പോയി...... പിന്നെ പിന്നെ നടന്നതുമൊക്കെ.

ഇതൊക്കെ തന്നെ മനസ്സോടെ കെട്ടാൻ വന്ന ആഗസ്തി അറിഞ്ഞാലോ! അ ല്ലെങ്കിൽ ഇതൊന്നും തന്റെ കുഴപ്പമല്ലല്ലോ. കെട്ടിയോനോട് ഇതൊക്കെ പറഞ്ഞാ മനസ്സിനൊരു സൊകം കിട്ടിയേനെ. പക്ഷേ, അങ്ങേരെന്തന്ന് കരുതും? ചെലപ്പം അയാക്കും കാണും ഇതുപോലൊക്കെ വല്ല രഹസ്യോം.

എന്തായാലും അതൊരു പരമരഹസ്യമായി സൂക്ഷിക്കാൻതന്നെ തെയ്യാ തീരുമാനി ച്ചു.

അപ്പോ ആഗസ്തി മുരടനക്കി. അയാളും ഉറങ്ങിയിട്ടില്ല. അയാൾ കട്ടിലിൽ കിടന്നു കൊണ്ട് സ്വകാര്യത്തിൽ ചോദിച്ചു:

തെയ്യാ ഒറങ്ങിയോ?
ഇല്ല.

ഞാനും താളോട്ടു വന്നു കിടക്കട്ടെ?

അവൾ മിണ്ടിയില്ല. പണ്ട് അനുഭവിച്ച നാണവും ഭീതിയും അവൾക്കുണ്ടായി. കുടെ പറയാൻ കഴിയാത്ത ഏതോ ഒരുതരം അനുഭൂതിയും!

ആഗസ്തി അനുവാദത്തിനു കാത്തുനിന്നില്ല.

അയാൾ താഴെ ഇറങ്ങിവന്ന് അവളെ കരവലയത്തിലൊതുക്കി. അവൾ നാണിച്ച് മുഖം അയാളുടെ നെഞ്ചിലമർത്തി.

ആഗസ്തി അവളുടെ ചെവികളിൽ മന്ത്രിച്ചു:

നമ്മുക്കും ഒരു കൂര വേണ്ടേ, ആരാണ്ടോം ശല്യമില്ലാതെ ഒറങ്ങാൻ?
തെയ്യാ മൂളി.
ഞാം പണി എടുത്തോളാം. കുറേ കാശു മിച്ചംവക്കണം. എന്നിട്ട് എവിടേലും കേറിക്കെടക്കാൻ ആരേലും പത്തുസെന്റ് തന്നാ, നമ്മുക്കവിടെ കുരകെട്ടാം.

അവൾ വീണ്ടും മൂളി. അപ്പോൾ കത്രിയുടെ നിർത്താത്ത ചുമ മകട്ടു. പട്ടി കുരയ്ക്കുംപോലെ. രാത്രികാലങ്ങളിൽ കത്രിക്ക് പണ്ടേ ഉള്ളതാണീ ചുമ!

(തുടരും.....)